**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2392**
**08.03.2017 ലെ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും അപകട ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | അധ്യാപരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏത് തരം അപകടങ്ങൾക്കാണ് ധന സഹായം നൽകി വരുന്നത്; | 23.11.2010 ലെ സ.ഉ.(അച്ചടി) നം.616/2010/ധന, 03.01.2012 ലെ സ.ഉ.(അച്ചടി) നം.606/2012/ധന 13.11.2013 ലെ സ.ഉ(അച്ചടി) നം. 555/2013/ധന എന്നിവ പ്രകാരം റോഡപകടങ്ങൾ, ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങൾ, ഏതെങ്കിലും ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്കാണ് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധന സഹായം നൽകി വരുന്നത്. ഈ പദ്ധതി പ്രകാരം അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടം മൂലം മരണം സംഭവിക്കുന്ന സാഹചര്യത്തിലും അപകടം മൂലം കൈ, കാൽ, കണ്ണ് ഇവയിലേതെങ്കിലും ഒരവയവം നഷ്ടപ്പെടുന്ന സാഹചര്യത്തിലും മദ്യം മയക്കുമരുന്ന് എന്നിവയുടെ സ്വാധീനത്തോടെയല്ലാതെ സംഭവിക്കുന്ന അപകടത്തെ തുടർന്ന് പക്ഷാഘാതം വന്ന് ശിഷ്ട കാലം വീൽ ചെയറിൽ ആകുന്ന സാഹചര്യത്തിലും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. |
| ബി | ധനസഹായ തുക വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | ധനസഹായ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ